ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിനുള്ള വ്യക്തമായ ശുപാർശ സമർപ്പിക്കുവാൻ ഗ്രാമവികസന കമ്മീഷണർ കൺവീനറായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ടി സമിതി ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

പ്രാദേശിക വികസന അതോറിറ്റികൾ/ഏജൻസികൾ

24 (1392) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം രൂപീകരിച്ച പ്രാദേശിക വികസന അതോറിറ്റികൾ/ഏജൻസികൾ എതെല്ലാമാണ് എന്നറിയിക്കാമോ ;

(ബി) പ്രസ്തുത അതോറിറ്റികൾക്ക്/ഏജൻസികൾക്ക് കഴിഞ്ഞ ഓരോ സാമ്പത്തിക വർഷത്തിലും എത്ര തുക വീതം നൽകിയെന്നും അതിൽ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ ;

(സി) പ്രസ്തുത അതോറിറ്റികൾ/ഏജൻസികൾ രൂപീകരിച്ചതിനുള്ള ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ടോയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ വികസന അതോറിറ്റി രൂപീകരിക്കുകയും നിർത്തലാക്കപ്പെട്ട കൊല്ലം, തൃശ്ശൂർ, കോഴിക്കോട് വികസന അതോറിറ്റികൾ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

അതോറിറ്റിയുടെ പേര്	സാമ്പത്തിക വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
വള്ളുവനാട് വികസന അതോറിറ്റി	2011-12		
	2012-13	Nil	Nil
	2013-14		
	2014-15	82,63,718	47,50,411
കൊല്ലം വികസന അതോറിറ്റി	2011-12		
	2012-13	Nil	Nil
	2013-14	25 ലക്ഷം	22,53,673
	2014-15	5 കോടി 15 ലക്ഷം	46,81,526
തൃശ്ശൂർ വികസന അതോറിറ്റി	2011-12		
	2012-13		
	2013-14	Nil	Nil
	2014-15	5 കോടി	5,71,724
കോഴിക്കോട് വികസന അതോറിറ്റി	2011-12		
	2012-13	Nil	Nil
	2013-14	25 ലക്ഷം	25 ലക്ഷം
	2014-15	5 കോടി	32,39,469

(സി) വികസന അതോറിറ്റിയുടെ അധികാരപരിധിയിലുള്ള പ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിയാണ് ടി അതോറിറ്റികൾ രൂപീകരിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly